## പതിമൂന്നാം കേരളനിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1662 — 03.10.2011 ൽ മറുപടിയ്ക്ക്

**മങ്കട, മക്കരപറമ്പ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മങ്കട, മക്കരപറമ്പ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം സൗജന്യമായി നിർമ്മിച്ച് നൽകാമെന്ന് സൂചിപ്പിച്ച് ഒരു വ്യക്തി സമർപ്പിച്ച അപേക്ഷയിന്മേൽ സമ്മതം അറിയിച്ചിരുന്നോ; | (എ) മക്കരപറമ്പ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണത്തിനായി, ശ്രീ.കുറ്റീരി മുജീബ് റഹ്മാൻ എന്നയാൾ 3 സെന്റ് സ്ഥലം സൗജന്യമായി വാഗ്ദാനം ചെയ്യുകയും, അതിൽ ഓഫീസിന് അനുയോജ്യമായ കെട്ടിടം പണിതു തരാമെന്നു അറിയിക്കുകയും, ആയതിനാൽ ഇതു സംബന്ധിച്ച ഫീസും മുദ്രവിലയും ഇളവുചെയ്തു കൊടുക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. കെട്ടിടം പണി പൂർത്തിയായശേഷം ആയത് രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്ന സമയത്തോ, അല്ലെങ്കിൽ സ്ഥലം രജിസ്റ്ററാക്കുന്ന സമയത്തോ ആവശ്യപ്പെട്ടിരിക്കുന്ന ഇളവു നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന്, സർക്കാർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ അറിയിച്ചിരുന്നു. |
| (ബി) എങ്കിൽ അത് പണിയുന്നതിനുളള അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) അപ്രകാരം കെട്ടിടം നിർമ്മിച്ച് കൈമാറുമ്പോൾ ടിയാന് രജിസ്ട്രേഷൻ ഫീയും, സ്റ്റാമ്പ് ഡ്യൂട്ടിയും ഇളവ് ചെയ്ത് നല്കുവാൻ സർക്കാർ തയ്യാറാകുമോ? | (ബി) & (സി). കെട്ടിടനിർമ്മാണം പൂർത്തിയായശേഷം രജിസ്ട്രേഷൻ വകുപ്പിന് വസ്തുവും കെട്ടിടവും കൈമാറുന്ന സമയത്തോ, അല്ലെങ്കിൽ സ്ഥലം രജിസ്റ്ററാക്കുന്ന സമയത്തോ ആവശ്യപ്പെട്ട ഇളവുനൽകുന്നതാണ് |

സെക്ഷൻഓഫീസർ